പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. T.2832

12/03/2018 ൽ
മറുപടിക്ക്

**ചെറുകിട കശുവണ്ടി വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്യു നടപടി**

ചോദ്യം
ശ്രീ. അനൂപ് ജേക്കബ്

ഉത്തരം
ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ സംസ്ഥാനത്തെ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തനം നിർത്തിയിട്ടുണ്ടെന്നും എത്ര ചെറുകിട കശുവണ്ടി വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് 790 രജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളുള്ളതിൽ 450 കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള 340 ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല. ലഭ്യമായ വിവരമനുസരിച്ച് 6 ചെറുകിട കശുവണ്ടി വ്യവസായികളുടെ വീടുകൾ ജപ്തി ചെയ്തിട്ടുണ്ട്. |
| (ബി) | ഫാക്ടറിയും ഭൂമിയും ഈട് നൽകി ബാങ്കിൽ നിന്ന് വായ്പ എടുത്തവരെ വീടുകളിൽ നിന്ന് ഇറക്കി വിടരുതെന്ന് ബാങ്ക് പ്രതിനിധികളുടെയും ചെറുകിട വ്യവസായികളുടെയും യോഗത്തിൽ ബാങ്കുകളോട് സർക്കാർ നിർദ്ദേശിച്ചിരുന്നോ; പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി എത്ര വീടുകൾ ബാങ്കുകൾ ജപ്തി ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | സർക്കാർ നിർദ്ദേശിച്ചിരുന്നു. നിർദ്ദേശത്തിന് വിരുദ്ധമായി വീടുകൾ ജപ്തി ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ